<u>15 -ാം കേരള നിയമസഭ</u>

<u>10 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 885</u> <u>31-01-2024 - ൽ മറുപടിയ്ക്ക്</u>

<u>ശ്രീ വി.യു നന്ദുവിനു സ്പെയിനിൽ ഫുട്ബോൾ പരിശീലനത്തിന് ധനസഹായം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ മണ്ഡലത്തിലെ നായരമ്പലം ഗ്രാമപഞ്ചായത്തിൽ തേങ്ങാത്തറ റോഡ് വേലിക്കത്തറ വീട്ടിൽ ഉത്തമൻ മകൻ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വി.യു. നന്ദു സ്പെയിനിൽ ഫുട്ബോൾ പരിശീലനത്തിന് പോകുന്നതിനായി ധനസഹായം ലഭ്യമാകുന്നതിന് 24.08.2023-ന് എം.എൽ.എ.യുടെ കവറിംഗ് ലെറ്റർ സഹിതം സമർപ്പിച്ച അപേക്ഷയിന്മേൽ നിരവധി റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിട്ടും അദ്ദേഹം കടം വാങ്ങിയ തുക ഉപയോഗിച്ച് പരിശീലനം പൂർത്തിയാക്കി തിരിച്ചെത്തിയിട്ടും ധനസഹായം ലഭ്യമാകാത്തതിന് കാരണം വിശദമാക്കാമോ; | (എ) | ശ്രീ.യു.വി.നന്ദു പരിശീലന പരിപാടിയിൽ പങ്കെടുത്തതിന് ചെലവായ 4,50,000/- രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. |
| (ബി) | സ്പെയിനിൽ രണ്ടാംഘട്ട പരിശീലനത്തിന് അർഹതനേടിയിട്ടുള്ള വി.യു. നന്ദുവിന് ധനസഹായം എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ? | (ബി) | ശ്രീ.യു.വി.നന്ദു പരിശീലന പരിപാടിയിൽ പങ്കെടുത്തതിന് ചെലവായ 4,50,000/- രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ